1

# മഴയുടെ മുഖങ്ങൾ

ഓരോ സന്ദർഭത്തിലും മഴ വിചാരിക്കുന്നത് എന്തായിരിക്കാം?



## ചിത്രം നോക്കിപ്പറയാം

ചിത്രങ്ങൾ ശ്രദ്ധിക്കൂ. മഴ കൊള്ളുന്നവർ മഴയെക്കുറിച്ച് പറയുന്നത് എന്തായിരിക്കും?



അവ എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?

കൂട്ടുകാരുമായി ചർച്ചചെയ്യൂ. അവതരിപ്പിക്കൂ.

## വായിക്കാം

സാനിയയുടെ മഴക്കാലത്തെ അനുഭവം ഇതാ.



ബസ് സ്കൂളിന് മുന്നിലെത്തി.
മഴ കനത്ത് പെയ്യുന്നുണ്ട്.
കുട്ടികൾ ഓരോരുത്തരായി ഇറങ്ങുന്നു.
ഞാൻ ബാഗിൽ നിന്ന് കുടയെടുത്തു.
ബസിന്റെ പടിയിൽ നിന്ന് കുടയുടെ
ബട്ടൺ അമർത്തി.
'ടക്' കുട തുറന്നു. പക്ഷേ, അത്
ബസിന്റെ വാതിലിൽ കുടുങ്ങി.

കുട ഞാൻ പിന്നിലേക്ക് വലിച്ചു.
കുടക്കമ്പികൾ മേലോട്ട് വളഞ്ഞ് അതൊരു പപ്പടക്കുടയായി.
ഇറങ്ങുമ്പോൾ ഞാൻ ആകെ നനഞ്ഞിരുന്നു.
കുടയും ചൂടി നിന്ന കൂട്ടുകാർ എന്നെ നോക്കി ചിരിയോ ചിരി!
എനിക്കു സങ്കടം വന്നു.

## വരയ്ക്കാം

സാനിയയുടെ അനുഭവം ചിത്രീകരിക്കാമോ?

## പറയാം

മഴയെക്കുറിച്ചുള്ള സന്തോഷകരവും സങ്കടകരവുമായ അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവും. അതിലൊരെണ്ണം കൂട്ടുകാരുടെ മുമ്പിൽ അവതരിപ്പിക്കൂ.



നിങ്ങളുടെ അനുഭവം തന്നെയാണോ കൂട്ടുകാരുടേതും? അവർ പറഞ്ഞതെന്താണ്? ആരുടെ അവതരണമാണ് നന്നായത്? എന്തുകൊണ്ട്?

## എഴുതാം

നിങ്ങൾ എന്നും ഓർമിക്കുന്ന ഒരു മഴയനുഭവം എഴുതാമോ?

## കേൾക്കാം

കൊടും വേനലിൽ നിന്ന് പേമാരിയിലേക്കു മാറുമ്പോൾ ഉണ്ടാവുന്ന അനുഭവം എന്തായിരിക്കും? പറയാമോ?

# മഴക്കാലം



പണ്ടെല്ലാം മീനച്ചൂടേ
ചൂടെന്ന് പറയാറുള്ളൂ.
വിഷു കഴിഞ്ഞാൽ
കേരളപ്രകൃതി വേഷം
മാറുകയായി.
ഇന്ന് ഇടവപ്പാതി
കഴിഞ്ഞാലും മഴ മടിവിട്ട്
പെയ്യാൻ തുടങ്ങില്ല.

മഴ പെയ്താലും പെയ്തില്ലെങ്കിലും വിഷമം.
ഏറിയാലും വിഷമം. കുറഞ്ഞാലും വിഷമം.
ഓരോരുത്തർക്കും അവരവരുടെ സമയത്തിനും
ആവശ്യത്തിനും സൗകര്യത്തിനും സന്തോഷത്തിനും
അനുസരിച്ച് പെയ്യുകയും പെയ്യാതിരിക്കുകയും വേണം.
അല്ലെങ്കിൽ ശാപമായി, ശകാരമായി.

അതിനെപ്പറ്റി പഴയൊരു കവിത.

"പെയ്താലും കുറ്റം ഇല്ലേലും കുറ്റം
മഴേടമ്മയ്ക്കെപ്പോഴും കുറ്റം
മഴേടച്ഛനുമെപ്പോഴും കുറ്റം."



ആളുകളുടെ അഭിപ്രായം നോക്കിയല്ലല്ലോ
കാലത്തിന്റെ ആവശ്യം നോക്കിയാണല്ലോ
മഴ പെയ്യേണ്ടത്.
അതിനാൽ മകീര്യത്തിൽ മതിമറന്നും
തിരുവാതിരയിൽ തിരിമുറിയാതെയും
പെയ്യുന്നു.

മഴയില്ലായ്മ ഒരു വിധമേയുള്ളൂ. മഴ പലവിധമുണ്ട്. ചാറ്റുമഴ, ചിറുങ്ങുമഴ, ചറപറമഴ, ചെറുമഴ, ചീഞ്ഞമഴ, പെരുമഴ, മഴയോടുമഴ, മഹാമഴ!

"കർക്കിടം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു."
"ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും"

ചില ദിവസം ഒരേ സമയം
വെയിലും മഴയും മാറി മാറി വരുന്നതു കാണാം.
അതു കണ്ടുകൊണ്ട് കുട്ടികൾ ഇങ്ങനെ പാടും.

വെയിലും മഴയും വെയിലും മഴയും
കുഞ്ഞിക്കുറുക്കന്റെ കല്യാണം - കൊച്ചു
കുഞ്ഞിക്കുറുക്കന്റെ കല്യാണം.

നല്ല ഇരുട്ടത്ത് കനത്ത മഴ പെയ്യുന്നതു നോക്കി നിൽക്കുക. അത് ഒരു അനുഭവം തന്നെയാണ്. ആനന്ദം തന്നെയാണ്. വെയിലത്ത് പെയ്യുന്ന ചാറ്റുമഴയും ചെറുമഴയും കാണാൻ നന്ന്, അല്ലെങ്കിൽ ഏത് മഴയാണ് കാണാൻ നന്നല്ലാത്തത്?

(കുഞ്ഞുണ്ണി)

### ചൊല്ലുകൾ കണ്ടെത്താം.

മഴയെക്കുറിച്ച് എന്തെല്ലാം ചൊല്ലുകളാണുള്ളത്?

പാഠത്തിൽ നിന്ന് കണ്ടെത്തി എഴുതൂ. കൂടുതൽ അന്വേഷിച്ച് കൂട്ടിച്ചേർക്കൂ.

- തിരുവാതിരക്ക് മഴ തിരിമുറിയാതെ
- - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - -
- - - - - - - - - - - - - - - - - -

## എന്റെ ഓർമകൾ

കുഞ്ഞുണ്ണി മാസ്റ്ററുടെ
വിവരണം കേട്ടല്ലോ.
ഇത് നിങ്ങളിൽ
ഉണർത്തിയ ഓർമകൾ
എന്തെല്ലാം?
ചിന്തകളോ? പറയൂ.



## വായിക്കാം എഴുതാം

മഴയുടെ അച്ഛനേയും
അമ്മയേയും എല്ലാവരും
കുറ്റപ്പെടുത്തുന്നത് എന്തുകൊണ്ട്?

"അല്ലെങ്കിൽ ശാപമായി, ശകാരമായി"
ഇതുപോലെ മഴയെ വെറുക്കാനിടയായ സന്ദർഭങ്ങൾ
നിങ്ങൾക്കുണ്ടായിട്ടുണ്ടോ? എഴുതൂ.

## മഴയുടെ മുഖങ്ങൾ



പ്രശസ്ത കവി
സുഗതകുമാരി മഴയെക്കുറിച്ച്
പറഞ്ഞത് നോക്കൂ.

"മഴയ്ക്ക് എത്ര മുഖങ്ങളാണ്.
തിമിർത്ത് ഓടിവരുന്ന
കുഞ്ഞുമഴയെ നമുക്ക്
കളിമഴയെന്നു വിളിക്കാം
ഇടയ്ക്കിടെ തെളിഞ്ഞും മങ്ങിയും
പെയ്യുന്നൊരു പിണങ്ങി മഴയുണ്ട്."

ഇങ്ങനെ മഴയുടെ മുഖങ്ങൾ ഏതെല്ലാമാണ്?

## പദസൂര്യനുണ്ടാക്കാം

പദസൂര്യൻ പൂർത്തിയാക്കുക.



### പറയാം

തുലാമഴ, ചാറ്റൽമഴ, പെരുമഴ, ... ഇങ്ങനെ എത്ര തരം മഴ! ഓരോ മഴയ്ക്കും ചില പ്രത്യേകതകളുണ്ട്. ഒന്ന് തിരഞ്ഞെടുത്ത് അതിന്റെ പ്രത്യേകതകൾ ഗ്രൂപ്പിൽ കണ്ടെത്തൂ, പറയൂ.

### വായിക്കാം, എഴുതാം

സമാനാർഥം വരുന്ന പദങ്ങൾ പാഠഭാഗം വായിച്ച് കണ്ടെത്താമോ?

| | | |
|---|---|---|
| തുടർച്ചയായി | – | തിരിമുറിയാതെ |
| വലിയമഴ | – | |
| സന്തോഷം | – | |
| ഇടവമാസത്തിന്റെ പകുതി | – | |
| ഒരുപാട് | – | |

### മഴക്കയ്യടി

കൈവെള്ളയിൽ
വിരലുകൊണ്ട് അടിച്ച്
മഴയുടെ ശബ്ദമുണ്ടാക്കാൻ
പറ്റുമോ?
ടീച്ചറോട് ചോദിക്കൂ.
ഗ്രൂപ്പുകൾ മാറിമാറി
ഈ പാട്ടു പാടി മഴയുണ്ടാക്കൂ.




"കൊള്ളാമിമ്മഴ, കൊള്ളരുതിമ്മഴ
കൊള്ളാം കൊള്ളാം പെയ്യട്ടെ"

## മഴപെയ്യും മാസങ്ങൾ




മഴ പെയ്യുന്ന മാസങ്ങളേതെല്ലാം?
മഴ പെയ്യാത്തതോ?
മലയാള മാസങ്ങളുടെ പേരുകളും അതേകാലത്തു വരുന്ന ഇംഗ്ലീഷ് മാസങ്ങളും കലണ്ടർ പരിശോധിച്ച് കണ്ടെത്തൂ.

മഴ പെയ്യുന്ന മാസങ്ങളുടെ നേരെ മേഘത്തിന്റെ ചിത്രവും മഴ പെയ്യാത്ത മാസത്തിനു നേരെ സൂര്യന്റെ ചിത്രവും വരയ്ക്കൂ.

| മലയാള മാസം | ഇംഗ്ലീഷ് മാസങ്ങൾ | മഴ പെയ്യുന്ന മാസം | മഴ പെയ്യാത്ത മാസം |
|---|---|---|---|
| ചിങ്ങം | ഓഗസ്റ്റ് - സെപ്തംബർ |  | |
| കന്നി | | | |
| തുലാം | | | |
| വൃശ്ചികം | | |  |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

## വായിക്കാം

മഴക്കാലത്തെ വാർത്തകൾ വായിച്ചിട്ടുണ്ടല്ലോ? ഇതാ ഒരു വാർത്ത.

> തിരുവനന്തപുരം ജൂൺ 8 : കഴിഞ്ഞ രാത്രിയിലെ അതിശക്തമായ കാറ്റും മഴയും ജില്ലയിൽ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കി. കരമനയാറ് നിറഞ്ഞു കവിഞ്ഞ് സമീപവാസികൾ വീടുവിട്ടൊഴിഞ്ഞു. വീടിനു മുകളിൽ തെങ്ങ് കടപുഴകി വീണ് മണിക്കോവിൽ രാജൻ (23) സതി (24) പുളിമൂട്ടിൽ ജാഫർ(18) എന്നിവർക്ക് സാരമായ പരിക്കുപറ്റി. ഇവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. വീടൊഴിഞ്ഞവർ അടുത്തുള്ള സ്കൂളിൽ അഭയം പ്രാപിച്ചു. എന്നാൽ മറ്റു സഹായങ്ങളൊന്നും ലഭിച്ചില്ലെന്ന് സ്ഥലം സന്ദർശിച്ച ജില്ലാ കലക്ടറോട് ഇവർ പരാതിപ്പെട്ടു. നിലയ്ക്കാത്ത മഴയും കൊടുങ്കാറ്റും പ്രദേശത്ത് വ്യാപകമായ കൃഷി നാശവും ഉണ്ടാക്കിയിട്ടുണ്ട്.

## വാർത്ത വായിച്ച് പട്ടിക പൂർത്തിയാക്കൂ

| | |
|---|---|
| എവിടെയാണ് സംഭവം നടന്നത്? | |
| എപ്പോഴാണ് നടന്നത്? | |
| എന്തെല്ലാമാണ് സംഭവിച്ചത്? | |
| ആർക്കാണ് സംഭവിച്ചത്? | |

## തലക്കെട്ടുകൾ

ഇതാ ചില തലക്കെട്ടുകൾ. ഈ വാർത്തയ്ക്ക് യോജിച്ചത് ഗ്രൂപ്പിൽ കണ്ടെത്തൂ. തിരഞ്ഞെടുക്കാനുള്ള കാരണവും പറയൂ.



## വായിക്കാം അവതരിപ്പിക്കാം



നിങ്ങൾ ടെലിവിഷൻ വാർത്തകൾ കാണാറില്ലേ? ഈ വാർത്ത ടെലിവിഷൻ വാർത്തയായി അവതരിപ്പിക്കാമോ? ടീച്ചറുടെ നിർദേശപ്രകാരം ഗ്രൂപ്പിൽ ആലോചിച്ച് അവതരിപ്പിക്കൂ.

ഏത് ഗ്രൂപ്പിന്റെ അവതരണമാണ് മെച്ചപ്പെട്ടത്? കണ്ടെത്തൂ.

## പത്രവാർത്തകൾ



മഴക്കാല വാർത്തകളും ചിത്രങ്ങളും ശേഖരിക്കൂ. തരംതിരിച്ച് ആൽബം തയാറാക്കൂ.

എന്തെല്ലാം വാർത്തകളും ചിത്രങ്ങളുമാകാം?



- മഴയുടെ സന്തോഷകരമായ മുഖങ്ങൾ
- മഴയുടെ ദുരിതമുഖങ്ങൾ
- വ്യത്യസ്ത സ്ഥലങ്ങളിലെ മഴ
- മഴയും പുഴയും കടലും
- 



### മഴയുടെ ആൽബം

മഴയുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് തരംതിരിച്ചല്ലോ. അതിൽ നിന്നു തിരഞ്ഞെടുത്ത രണ്ടെണ്ണം ഇവിടെ പതിക്കൂ.